# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7403 | 14/07/2014 ലെ മറുപടിക്ക്

## ഹോർട്ടികോർപ്പ് വഴി ജൈവ ഉൽപ്പന്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവ്വൂർ കുഞ്ഞുമോൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ഹോർട്ടികോർപ്പ് വഴി വിപണനം ചെയ്യുന്നുണ്ടോ ; | എ) | ഉണ്ട്. ജൈവകൃഷി ചെയ്യുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ വാങ്ങുകയും അത് ഹോർട്ടികോർപ്പിന്റെ ഹരിതാ സ്റ്റാളുകളിൽ ജൈവ ഉല്പന്നങ്ങൾ എന്ന പേരിൽ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഏതെല്ലാം പച്ചക്കറികളാണ് ഏതൊക്കെ സ്ഥലങ്ങളിൽ വിപണനം നടത്തുന്നത് ;<br>സി) എവിടെ നിന്നാണ് ഇവ സംഭരിക്കുന്നത്; | ബി & സി | കാർഷിക സർവ്വകലാശാലയുടെ കരമനയുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ജൈവ ഉല്പന്നങ്ങളായ വെണ്ട, പയർ തുടങ്ങിയവ സംഭരിച്ച് പഴവങ്ങാടിയിലുള്ള ഹരിതാ സസ്യ സൂപ്പർമാർക്കറ്റിലൂടെ വില്പന നടത്തി വരുന്നു. വി.എഫ്.പി.സി.കെയുടെ പാപ്പാൻചാനി കാർഷിക വിപണിയിൽ നിന്നും പയർ,പടവലം തുടങ്ങിയ ജൈവ ഉല്പന്നങ്ങളും നെടുമങ്ങാട് കാർഷികമൊത്തവ്യാപാര വിപണിയിൽ നിന്ന് പയർ, പൈനാപ്പിൾ തുടങ്ങിയ ജൈവഉല്പന്നങ്ങളും ഹോർട്ടിക്കോർപ്പിന്റെ സ്വന്തം സ്റ്റാളുകളായ പേട്ട, പാളയം, പഴവങ്ങാടി തുടങ്ങിയ സ്റ്റാളുകളിലൂടെ വില്പന നടത്തിവരുന്നു. |
| ഡി) ജൈവകൃഷിയിലൂടെയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; | ഡി) | ജൈവ ഉല്പന്നങ്ങളാണ് എന്ന് ഉറപ്പുവരുത്തുവാൻ കീടനാശിനികളുടെ അളവ് അനുവദനീയമായ അളവിലും കുറവാണെന്ന് വെള്ളായണി കാർഷിക കോളേജിലെ |

ലബോറട്ടറിയിൽ സാമ്പിളുകൾ പരിശോധിച്ച് തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഹോർട്ടികോർപ്പ് ഇവ സംഭരിച്ച് വിപണനം നടത്തുന്നത്.

| | | | |
|---|---|---|---|
| (ഇ) | ഇവയ്ക്ക് മറ്റുള്ളവയെക്കാൾ വിലവ്യത്യാസമുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. സാധാരണ ലഭിക്കുന്ന പച്ചക്കറികളിലെ വിലയിൽനിന്ന് 10 മുതൽ 15% വരെ വില വർദ്ധനവ് ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ